# മലങ്കര ഇടവകപ്പത്രിക

(അവശേഷം)

പുസ്തകം ൧൧ കർക്കടകം ലക്കം ൭

MALAYALA MANORAMA PRESS

KOTTAYAM

1902

ചച്ചമിഷ്യൻകാരും മലങ്കര സുറിയാനിസഭയുമായുള്ള സംബന്ധത്തെപ്പററി ഈയിട ധാരാളം വാദങ്ങൾ നടന്നുവരുന്നുണ്ടല്ലൊ. ഈ വിഷയത്തെ അടിസ്ഥാനമാക്കി ഇടവകപ്പത്രികയിലും മററും പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങൾ സമുദായാംഗങ്ങളെ പൊതുവെ ബാധിച്ചിട്ടുള്ളവയും, വല്ലവരെയും കുററം പറയണമെന്നുള്ള മനഃപൂർവമായ ഉദ്ദേശത്തിൽ നിന്നു പുറപ്പെട്ടിട്ടില്ലാത്തവയുമാണ്. തീക്കൊള്ളി കൊണ്ടു ഒരാളെ കുത്തിയാൽ ജനിക്കുന്ന വേദന പോലെ സ്വാഭാവികമായ ഒരു വികാരം ചച്ചമിഷ്യനോടു സംബന്ധമുള്ള പലരുടെയും പ്രവൃത്തികളും വാക്കുകളും സുറിയാനിസഭയിൽ പൊതുവെ ജനിപ്പിച്ചിട്ടുണ്ടെന്നുള്ളതു നിർവിവാദമാണ്. നിഷ്പക്ഷപാതമായി ഈ വിഷയത്തെപ്പററി പർയ്യാലോചിക്കുന്ന ഏവനും സുറിയാനിസഭയോടു യോജിക്കുകയേ നിവൃത്തിയുള്ളു എന്നു ബലമായി ഞങ്ങൾ വിശ്വസിച്ചിരുന്നു. എന്നാൽ മലയാളമിത്രം എന്ന ഞങ്ങളുടെ സഹജീവി ഇതിനു നേരെ വിപരീതമായി പല വാദങ്ങളും പുറപ്പെടുവിച്ചു തുടങ്ങി. ഒന്നുകിൽ ഞങ്ങളുടെ അല്ലെങ്കിൽ മിത്രത്തിന്റെ അഭിപ്രായം തെററായി വരാതെ നിവൃത്തിയില്ലല്ലൊ. അവരവരുടെ സംഗതിയിൽ നിഷ്പക്ഷമായി അഭിപ്രായം പറയുന്നതിനുള്ള പ്രയാസം ആരെയാണു ബാധിച്ചിരിക്കുന്നതു എന്നുള്ള ഒരു സംശയം ഈ ഘട്ടത്തിൽ പലൎക്കും ഉണ്ടാകാവുന്നതാണ്. എന്നാൽ ഇങ്ങനെ വല്ല സംശയവും വല്ലവരുടെ മനസ്സിൽ കയറിയിരുന്നാൽ അതിനെ ദൂരീകരിക്കുന്നതിനു ഏററവും ഉപയോഗപ്പെടുന്ന ഒരു ഉപന്യാസം ഈ സന്ദർഭത്തിൽ ഞങ്ങൾക്കു കിട്ടിയതിൽ ഉണ്ടായ അനൽപ്പമായ ചരിതാർത്ഥ്യത്തെപ്പററി പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഉപന്യാസകർത്താവു വിദ്യാഭ്യാസം, ബുദ്ധിശക്തി, ലോകപരിചയം, കുടുംബസ്ഥിതി, ഉദ്യോഗമാഹിപ്പം ഇവയെല്ലാം കൊണ്ടും ആംഗ്ലിയാസഭയിൽ പ്രാധാന്യം വഹിക്കുന്നതിനു സർവ്വഥാ അർഹനായ ഇൻജിനിയർ ജോൺ കുര്യൻ ബി. ഏ. ബി. സി. ഇ. എം. ഇ. അവർകളാണെന്നു ഉപന്യാസത്തിന്റെ അടിയിലുള്ള പേരുകൊണ്ടു വെളിപ്പെടുന്നതാണ്. അദ്ദേഹം സ്വന്ത പേരു വെച്ചു ഇടവകപ്പത്രികയിലേക്കു ദയവായി അയച്ചു തന്ന ഈ ഉപന്യാസം കഴിഞ്ഞ പത്രിക അച്ചടിച്ച ശേഷം മാത്രം ഇവിടെ കിട്ടിയതു കൊണ്ടും വരുന്ന മാസം വരെ ഉതു വച്ചു താമസിപ്പിക്കാനുള്ള ക്ഷമയില്ലായ്കകൊണ്ടും അവശേഷമായി പ്രത്യേകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. ഇതിലെ യുക്തികൾ എത്ര ചേച്ചയുള്ളവയും, ബലമുള്ളവയുമാണെന്നുള്ളതു വായനക്കാർ തന്നെ വിധിച്ചുകൊള്ളുമല്ലൊ. ഇതു വായിച്ചാൽ ഏവന്റെയും മനസ്സിൽ ശക്തിയായ പല വികാരങ്ങൾ ജനിക്കാതിരിക്കയില്ല. സുറിയാനിസഭയിൽ ഈ കലക്കങ്ങൾ എല്ലാം ഉണ്ടാക്കിത്തീൎത്ത അൽപബുദ്ധികളായ മിഷ്യനറിമാരും അവരുടെ തോളിൽ വാൎത്തിട്ടുള്ള മിത്രപത്രാധിപരും കൂട്ടരും മാത്രമല്ല ആംഗ്ലിയാസഭയിൽ ഉള്ളതെന്നു ഇതുകൊണ്ടു തെളിയുന്നതാണല്ലൊ. ഈ സംഗതിയെപ്പററി തന്നെ മിത്രപത്രാധിപർ പുറപ്പെടുവിച്ചിരിക്കുന്ന ചില അഭിപ്രായങ്ങൾ ഇതൊന്നിച്ചു അച്ചടിച്ചിട്ടുള്ളതുകൊണ്ടു രണ്ടു വകക്കാരും തമ്മിൽ എത്ര മാത്രം അന്തരം ഉണ്ടെന്നു വായനക്കാർക്കു മനസ്സിലാകാവുന്നതാണ്. സംഗതിയുടെ പരമാർത്ഥം മുഖം നോക്കാതെ വെളിക്കു പറവാൻ തയ്യാറുള്ളവരായ മിസ്ററർ ജോൺ കുര്യനെപ്പോലെ കുറെപ്പേരുണ്ടായാൽ മത്സരങ്ങളും കക്ഷിവാശികളും എളുപ്പത്തിൽ നശിച്ചുപോകുമായിരുന്നു. ഇപ്പോൾ ഇതിലധികമായി ഒന്നും പറയണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഞങ്ങളുടെ വായനക്കാർ ഇതിനെ മനസ്സിരുത്തി വായിക്കണമെന്നു മാത്രം അപേക്ഷിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

എന്നു ഇ. പ. പത്രാധിപർ.

## ചർച്ചുമിഷ്യനറിസമൂഹവും കിഴക്കിന്നടുത്ത സഭകളും.

(മലയാളമിത്രത്തിൽ നിന്നു)

കിഴക്കിന്നടുത്ത സഭകളിൽ ചർച്ചുമിഷ്യനറി സമൂഹക്കാർ ചെയ്യുന്ന വേലയെ കാര്യം കൂടാതെ ആക്ഷേപിക്കുന്ന ഈ കാലത്തു ആ സമൂഹത്തിന്റെ സാക്ഷാൽ നിലയെന്താകുന്നു എന്നും ആ നിലയെ മിഷ്യനറിമാർ എത്രത്തോളം കാത്തു കൊണ്ടുപോരുന്നു എന്നും മറ്റും തിരക്കുന്നതു ആവശ്യമാകുന്നു.

സമൂഹം സ്ഥാപിച്ചിട്ടു ഏറെനാൾ കഴിയുന്നതിനു മുമ്പു ബുക്കാനാൻ സായ്പവർകളുടെ എഴുത്തുകളാലും മെൽറായിലെ നെരദി എന്ന ഒരു റോമാപട്ടക്കാരന്റെ അപേക്ഷയാലും കിഴക്കദേശങ്ങളിലുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ സുവിശേഷവെളിച്ചം ശോഭിക്കുന്നതു മഹമ്മദുകാരുടെയും അജ്ഞാനികളുടെയും ഇടയിൽ സുവിശേഷം പ്രവേശിക്കുന്നതിനുള്ള നല്ല ഒരു വഴിയായിരിക്കും എന്നു സമൂഹത്തിനു ബോധം വന്നു. അങ്ങിനെ എജിപ്തു്, അബിസ്സീനിയാ, സുറിയാ, അറബിയാ, പാർസിയാ, മലയാളരാജ്യം എന്നീ സ്ഥലങ്ങളിൽ ഉള്ള പഴയ ക്രിസ്തീയ സഭകളുടെ ഇടയിൽ വേല ചെയ്യുന്നമെന്നു സമൂഹത്തിനു തോന്നി. ആദ്യം പറഞ്ഞ സ്ഥലങ്ങളിൽ യാത്ര ചെയ്തു അറിവുകൾ ശേഖരിപ്പാനും അവിടെയുള്ള പാത്രിയർക്കീസന്മാർ, മെത്രാന്മാർ മുതലായവർ ഇതിനെക്കുറിച്ചുള്ള അഭിപ്രായം എന്തെന്നു തിരക്കി അറിവാനും റെവ. വില്യം ജെവറ്റ് എന്നു പേരായ ഒരു പദ്രിസായ്പിനെ നിയമിച്ചയച്ചു. വിശുദ്ധവേദം പല ഭാഷകളിൽ തർജ്ജമ ചെയ്‌വാനും അച്ചടിച്ചു പ്രസിദ്ധം ചെയ്‌വാനും മെൽറായിൽ ഒരു കമ്മട്ടിയും പ്രസ്സും കൂടെ ഏർപ്പെടുത്തി. ഈ സംഗതിയിൽ വിശേഷാൽ വേദപുസ്തക പ്രസിദ്ധിക്കുള്ള ശ്രമത്തിൽ കിഴക്കെ സഭാതലവന്മാർ ഒന്നൊഴിയാതെ സമൂഹത്തെ സഹായിക്കയും അഭിനന്ദിക്കയും ചെയ്തുവന്നു. യെറുശലേമിലെ ഒരു യാക്കോബായ അച്ചുബിഷോപ്പു ഇംഗ്ലണ്ടിൽ പോയി സമൂഹത്തിന്റെ സഹായത്തോടും കൂടെ ധനശേഖരം ഉണ്ടാക്കുകയും വേദപുസ്തകം അച്ചടിപ്പിക്കുന്നതിനു ഉത്സാഹിക്കയും ചെയ്തു.

എന്നാൽ ഈ വേലക്കു പെട്ടെന്നൊരു തടസ്സമുണ്ടായതു കിഴക്കെ സഭക്കാരിൽ നിന്നല്ലായിരുന്നു. റോമാപാപ്പായും തുർക്കിസുൽത്താനും വേദപുസ്തക പ്രചാരത്തിൽ ഭയപ്പെട്ടു ഈ വേലയെ ഇല്ലായ്മ ചെയ്‌വാൻ ശ്രമിക്കയും പല മിഷ്യനറിമാരെ തടവിലാക്കുകയും, ഗ്രീക്ക പാത്രിയർക്കീസിനെയും പല ബിഷോപ്പന്മാരെയും പട്ടക്കാരെയും കൊല്ലിക്കയും മറ്റും ചെയ്തു.

ഏകദേശം ഈ സമയത്തായിരുന്നു മലയാളത്തു സുറിയാനിക്കാരുടെ ഇടയിൽ വേല ചെയ്യേണ്ടതിനു സമൂഹക്കാർക്കു വിളിയുണ്ടായതു. ഈ സഭയെക്കുറിച്ചു ആദ്യം കമ്മട്ടിക്കാർ എഴുതിയതു ഇപ്രകാരമായിരുന്നു.

"മലയാളത്തുള്ള സുറിയാനിക്രിസ്ത്യാനികൾ ഏറ്റവും പുരാതനകാലാമുൽക്കെ ക്രമമായ അപ്പോസ്തല പിന്വാഴ്ചയെ കാത്തു വരികയും പ്രധാനപ്പെട്ട എല്ലാ സംഗതികളിലും ആദ്യസഭയുടെ വിശ്വാസത്തോടു യോജിക്കയും ചെയ്തിരിക്കുന്നു. പഠിത്വവും, വിവേകവും, തീക്ഷ്ണതയും ഉള്ള കുറെ പട്ടക്കാരെ ഈ പ സഭ സന്തോഷത്തോടെ കൈക്കൊള്ളുമെന്നു വിചാരിപ്പാൻ ന്യായമുണ്ടു്. പ സഹിക്കുന്ന ഈ ജനങ്ങളുടെ വിശ്വാസത്തിന്റെ ശക്തിക്കു അവരുടെ അ

നംകൊണ്ടു ദൈവാനുഗ്രഹത്താൽ പുതുജീവനും ഉറപ്പും ഉണ്ടാകുവാനും നമ്മുടെ സഭകളുമായി കടശ്ശിക്ക യോജ്യതയുണ്ടാകുവാനും ഇടയുള്ളതാകുന്നു,"

കമ്മട്ടിക്കാർ ഇതു എഴുതിയപ്പോൾ സുറിയാനി സഭയുടെ ഒരു ശരിയായ ചരിത്രമാകട്ടെ, ഉപദേശ രീതിയാകട്ടെ, നസ്രാണികളുടെ ശീലപ്രകൃതിയാകട്ടെ, വേലയുടെ പ്രയാസമാകട്ടെ ഒന്നും അവർ ഗ്രഹിച്ചിട്ടില്ലായിരുന്നു എന്നു പ്രത്യക്ഷമാകുന്നു. ഈ പഴയ സഭയെ നന്നാക്കി ശുദ്ധി വരുത്തണമെന്നും പുറജാതികളിൽ നിന്നും റോമാക്കാരിൽ നിന്നും പല പ്രകാരത്തിലുള്ള ഉപദ്രവങ്ങൾ സഹിച്ചുവന്ന ഈ സമുദായത്തെ ഉദ്ധരിക്കണമെന്നും മാത്രമായിരുന്നു അവരുടെ ആന്തരം. സഭയുടെ യോജ്യത എന്നു മേൽ കാണുന്നതു സഭകൾ തമ്മിലുള്ള നിരപ്പും ഏക വിശ്വാസരീതിയിലുള്ള വകപ്പുകാർ തമ്മിൽ ഒത്തൊരുമിച്ചു പ്രവൃത്തിക്കുന്ന ക്രമവും (co-operation) എന്നു മാത്രം അർത്ഥമാകുന്നു എന്നു ബുക്കാനാൻ സായിപ്പും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും തമ്മിൽ നടന്ന സംഭാഷണത്തിൽ നിന്നും മററും തെളിയുന്നുണ്ട്. സഭകൾ തമ്മിൽ യോജിപ്പായിരിക്കുന്ന കാര്യത്തെപ്പററി ബുക്കാനാൻ സായിപ്പു വലിയ മാർ ദിവന്നാസ്യോസുമായി സംസാരിക്കയുണ്ടായപ്പോൾ മെത്രാപ്പോലീത്താ എഴുതിക്കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു.

That an union with the English church, or at least, such a connection as should appear to both churches practicable and expedient would be a happy event, and favourable to the advancement of Religion in India.

ഇതിൽ നിന്നു ഈ മഹാന്മാർ യോജ്യതയ്ക്കായിട്ടു ആഗ്രഹിച്ചതു എന്തിനായിട്ടെന്നും ഏതു മാതിരി യോജ്യത ആയിരുന്നു അവർ ആഗ്രഹിച്ചതെന്നും തെളിയുന്നു. ഇന്ത്യയിലെ മാർഗ്ഗവർദ്ധനവിനായിട്ടു ഒരുമിച്ചു പ്രവൃത്തിക്കുന്ന യോജ്യതയ്ക്കായി അവർ ആഗ്രഹിച്ചു. ഏതു ക്രിസ്ത്യാനിയും അതു ആഗ്രഹിക്കയും ചെയ്യും. ഈ സംഗതി മനസ്സിൽ വെച്ചുകൊണ്ടായിരുന്നു സമൂഹത്തിന്റെ കമ്മട്ടിക്കാർ മേൽ വിവരിച്ച പ്രകാരം എഴുതിയതു.

പിന്നെയും മിഷ്യനറിമാരുടെ ചില പഴയ എഴുത്തുകളിൽ നിന്നും ഈ ഭാഗം തെളിയുന്നു.

'പഴയ സഭ പൊളിച്ചുകളഞ്ഞിട്ടു വേറൊന്നു പണി ചെയ്‌വാനല്ല, ചപ്പും കുപ്പയും നീക്കിക്കളഞ്ഞു ഇടിവുകളെ നന്നാക്കുവാനത്രെ. സുറിയാനിക്കാരെ അവരുടെ പൂർവ്വീക ആരാധനയിലേക്കു കൊണ്ടുവരികയല്ലാതെ അവർ ഇംഗ്ലീഷു സഭയുടെ പള്ളിക്രമവും നടപടിയും കൈക്കൊള്ളുവാൻ സമ്മതിക്കരുതു. വല്ല കാരണവശാലും അവർക്കു അങ്ങിനെ ആഗ്രഹം ജനിച്ചാൽ അവരെ അങ്ങിനെ ചെയ്‌വാൻ സമ്മതിക്കാതിരിക്കയത്രെ വേണ്ടതു. അതിനാൽ അവർ പിരിച്ചിട്ടില്ലാത്ത ഒരു സഭയായി സൂക്ഷിക്കപ്പെടുകയും, അവരെക്കൊണ്ടു അധികം ഉപകാരമുണ്ടാകയും ചെയ്യും എന്നു മാത്രമല്ല പിന്നീടു ഉണ്ടായേക്കാവുന്ന അസൂയകൾ, വിരോധങ്ങൾ എന്നിവ ഒഴിക്കാവുന്നതുമാകുന്നു.'

ഇതിൽ വ്യക്തമായി അവരുടെ ആന്തരം വെളിപ്പെടുന്നതു എങ്ങിനെ? സുറിയാനിസഭ ഇംഗ്ലീഷുസഭയോടു ചേർന്നു ലയിച്ചു പോകരുതെന്നും പിന്നീടു അസൂയയ്ക്കു ഇട വരരുതെന്നും അവർ ആഗ്രഹിച്ചു. അവർ ആദ്യം ഒരു സുവിശേഷ സഭ ആയിരുന്നു എന്നും ആ സ്ഥിതിയിലേക്കു തിരികെ കൊണ്ടുവരണമെന്നും മാത്രമായിരുന്നു സഹക്കാർ ആഗ്രഹിച്ചതു എന്നു തെളിവാകുന്നു. പിൻകാലത്തു ചില കാരണവശാൽ ഈ ആഗ്രഹത്തിനു വിഘ്നം വന്നു എങ്കിലും ആ കാരണങ്ങൾ കണ്ടു പിടിപ്പാൻ ശ്രമിക്കയല്ലാതെ സമൂഹത്തിന്റെ ആന്തരത്തെ കുററം പറകയും സമൂഹക്കാരെ ആക്ഷേപിക്കയും അവരെ പോർത്തുഗീസുകാരോടു ഉപമിക്കയും മററും ചെയ്യുന്നതു വെറും നന്ദികേടും ദോഷ്കം മാത്രമാകുന്നു.

പിന്നെയും ആദ്യമിഷ്യനറിയായ നോർട്ടൻസായിപ്പു ഇവിടെ എത്തി പുലി

കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടു തമ്മിൽ സംസാരിച്ചതിന്റെ ശേഷം എഴുതിയ റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു. പോർത്തുഗീസുകാരെ പോലെ സുറിയാനിസഭയെ കീഴ്പ്പെടുത്തുവാൻ വന്നവരാകുന്നുവോ എന്ന ചോദ്യത്തിനു,

റോമാസഭയിൽനിന്നു സുറിയാനിസഭയിൽ കയറി വന്നതും മെത്രാൻ തന്നെയും വ്യസനത്തോടെ വിചാരിച്ചു വന്നതുമായ ദോഷങ്ങളെ ഇല്ലായ്മ ചെയ്യുന്ന കാര്യത്തിൽ മെത്രാന്റെ കൈകളെ ശക്തിപ്പെടുത്തുവാനും അവർ വീണ്ടും വിശുദ്ധിയും ശക്തിയും ഉള്ളവരും ദൈവത്തിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവരും ഉപകാരികളും ആയി തീരുവാൻ സുവിശേഷത്തിന്റെ നിർമ്മലതപ്രകാരം അവരുടെ പൂർവ്വസ്ഥിതിയിലേക്കു അവരെ കൊണ്ടുവരുവാനും ദിവ്യസഹായത്താൽ തങ്ങൾ ആയുധങ്ങൾ ആകേണമെന്നു മാത്രമെ സമൂഹം ആഗ്രഹിക്കുന്നുള്ളു എന്നു ഉറപ്പു കൊടുത്തു. അപ്പോൾ മെത്രാൻ അവരെ തങ്ങളെ ഉദ്ധരിക്കുന്നവരും രക്ഷിക്കുന്നവരുമായി കൈക്കൊണ്ടു".

ഏകദേശം നൂറു വർഷങ്ങൾ കഴിഞ്ഞപ്പോൾ വേറൊരു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ കാലത്തു മിഷ്യനറിമാർ ആടുകളുടെ വേഷം ധരിച്ചുവന്ന ചെന്നായ്ക്കൾ ആകുന്നു എന്നും മറ്റും മിഷ്യനറിമാരിൽ നിന്നു കിട്ടുവാനുള്ള നന്മകൾ എല്ലാം കിട്ടിക്കഴിഞ്ഞയാളുകൾ എഴുതുന്നതു കാണുമ്പോൾ 'യെശ്ശുറൻ തടിച്ചു ഉതെച്ചു' എന്നുള്ള വാക്യം ഓർമ്മയിൽ വരുന്നു.

ആദ്യമിഷ്യനറിമാരിൽ ഒരുത്തനായിരുന്ന ഫെൻ സായിപ്പു ൨൦ കത്തങ്ങളും ൧൦൦ അയ്മേനികളും കൂടി വന്ന ഒരു യോഗത്തിൽ ഗുണദോഷം പറഞ്ഞതു പട്ടക്കാർ വിവാഹം ചെയ്യാതിരിക്കുന്നതു നന്നല്ലെന്നും ജനങ്ങൾ അറിയുന്ന ഭാഷയിൽ പരസ്യാരാധന കഴിക്കേണ്ടതു ആവശ്യമാണെന്നും മെത്രാപ്പോലീത്തായും ആറു കത്തങ്ങളും ചേർന്ന ഒരു യോഗം ആരാധനക്രമം ഒന്നു പുതുക്കി ശുദ്ധി വരുത്തുന്നതു നന്നെങ്കിലും കഴിയുന്നിടത്തോളം കുറച്ചു മാറ്റങ്ങൾ മാത്രം വരുത്തേണമെന്നും ആയിരുന്നു.

ഈ മിഷ്യനറിമാർ സുറിയാനിസഭയുടെ നന്മക്കു വേണ്ടി പ്രവൃത്തിച്ചതെങ്ങനെയായിരുന്നു എന്നും ആലോചിക്കാം. ഫെൻ സായ്പു സിമ്മനാരി അദ്ധ്യക്ഷനായി പട്ടം ഏൽക്കുന്നവർ എല്ലാവരും സിമ്മനാരിയിൽ പഠിക്കണമെന്നും നിശ്ചയിച്ചു. ബെയിലിസായ്പു വേദപുസ്തകം തർജമ ചെയ്യുന്നതിൽ ഉത്സാഹിച്ചു അതിലേക്കായി അന്നു ഭാഷാപരിജ്ഞാനമുള്ള പല സുറിയാനിക്കാരെയും മറ്റും ഏർപ്പെടുത്തി. ബേക്കർ സായ്പു ഇടവകകൾ തോറും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി നടത്തിവന്നു. കൽക്കത്തായിലെ മിഡിൽടൻ ബിഷോപ്പു ഇവിടെ വന്നു മിഷ്യനറിമാരുടെ വേല കണ്ടു സമ്മതിച്ചു. എങ്കിലും വളരെ നാൾ അദ്ധ്വാനിച്ചിട്ടും ഇവർ ആഗ്രഹിച്ച ഫലം കണ്ടില്ല. ഇവർ വിചാരിച്ചതിൽ വളരെ അധികം ആഴത്തിൽ സഭ മുഴുകി കിടക്കയായിരുന്നു. പട്ടക്കാരിൽ മിക്കപേർക്കും വേദപുസ്തക അറിവൊന്നു ഒരു അറിവും ഉണ്ടായിരുന്നില്ല. പോരാഞ്ഞിട്ടു പലരും ദുർമ്മാർഗ്ഗികളും വഷളന്മാരുമായിരുന്നു. അവർ വിവാഹം കഴിക്ക പതിവില്ലാഞ്ഞെങ്കിലും പലർക്കും പരസ്യമായി വെപ്പാട്ടികളും മക്കളും ഉണ്ടായിരുന്നു. അയ്മേനികൾ മദ്യപാനികളും മൂഢന്മാരും ആയിരുന്നു. ഹിന്ദുക്കളിൽ നിന്നു കണ്ടുപഠിച്ച വളരെ അബദ്ധവും ഭോഷത്വവും വഷളുമായുള്ള മര്യാദകൾ അവർക്കുണ്ടായിരുന്നു. ഈ സ്ഥിതിയിൽ നിന്നു മാറിവരുന്നതു അത്ര എളുപ്പമല്ലാഞ്ഞു. നൂറു വർഷം കഴിഞ്ഞിട്ടു മലയാള വേദപുസ്തകത്തെ ഇംഗ്ലീഷുകാരുടെ വേദപുസ്തകം എന്നും മിഷ്യനറിമാരെ സുറിയാനിക്കാരുടെ ശത്രുക്കൾ എന്നും മറ്റും ശങ്കതീർന്നു പറവാൻ രണ്ടു തലമുറക്കു മുമ്പു കാരണവന്മാരുടെ സ്ഥിതി എങ്ങിനെ ആയിരുന്നു എന്നു അറിയാത്തവർക്കു...... അല്ലെങ്കിൽ അറിഞ്ഞിട്ടും അതു സമ്മതിപ്പാൻ മനസ്സില്ലാത്തവർക്കു എളുപ്പമുണ്ടു.

മദ്രാസിലെ ആൎച്ചുഡിക്കൻ റോബിൻസൻ ൧൮൩൦ൽ ഇവിടെ വന്നപ്പോൾ അംഗ്ലിയാ ക്രമത്തിൽ ശുശ്രൂഷ കഴിപ്പാൻ ഒരു ചെറിയ ചാപ്പൽ പണിയിക്കുന്നതിന്നു വിരോധമുണ്ടോ എന്നു സായ്പന്മാർ ചോദിച്ചു. അതുവരെ അവർ സുറിയാനിക്കാരുടെ ശുശ്രൂഷയിൽ സംബന്ധിച്ചു. പരസ്യമായിട്ടു അവരുടെ സ്വന്ത ആരാധന കഴിപ്പാൻ അവർ തുനിഞ്ഞില്ല. ചേപ്പാട്ടു ദീവന്നാസ്യോസ് ഒരു വിധം അറിവും പഠിത്വവും ഉണ്ടായി വന്ന പട്ടക്കാരെ ശിക്ഷിക്കയും അധൈൎയ്യപ്പെടുത്തുകയും സിമ്മനാരിയിൽ പഠിച്ചവൎക്കു പട്ടം കൊടുത്തുകൂട എന്നുള്ള ചട്ടംകെട്ടിനെ ലംഘിച്ചു പണത്തിന്നായി അറിവില്ലാത്ത പൈതങ്ങൾക്കു പട്ടം കൊടുക്കയും ചെയ്തു തുടങ്ങി. കൽക്കത്തായിലെ വിൽസൻ ബിഷോപ്പു ആ സമയത്തു വന്നു സമാധാനത്തിന്നുള്ള വഴികൾ എല്ലാം നോക്കി എങ്കിലും മിഷ്യനറിമാരും സുറിയാനി സഭയും തമ്മിൽ പിരിവാൻ അത്രെ സംഗതി വന്നതു. വേറൊരു സഭ ഇവിടെ സ്ഥാപിക്കെണമെന്നാകട്ടെ സുറിയാനിക്കാരെ അംഗ്ലിയാക്കാരാക്കണമെന്നാകട്ടെ ചൎച്ചമിഷ്യനറി സമൂഹക്കാർ ആഗ്രഹിച്ചില്ല. സുറിയാനിമെത്രാനും ആലോചനക്കാരും കൂടെ മിഷ്യനറിമാരുമായി പിരിഞ്ഞുകളകയത്രെ ചെയ്തതു. പിരിച്ചിലിന്റെ സമയത്തും അതിന്റെ ശേഷവും സുറിയാനിക്കാരിൽ പലരും മിഷ്യനറിമാരോടു ചേൎന്നു അംഗ്ലേയ സഭക്കാരായി തീരുകയും ചെയ്തു.

എന്നാൽ ഈ സമയത്തിനിടയിൽ സമൂഹത്തോടു ചേൎന്ന മറ്റു മിഷ്യനറിമാർ കിഴക്കിന്നടുത്ത മറ്റു സഭകളിൽ ഇവിടത്തെപ്പോലെ തന്നെ വേല ചെയ്യുകയും അപകം ഇതുമാതിരി അനുഭവം കിട്ടുകയും ചെയ്യയായിരുന്നു. പിറാസ്യാ, ഗ്രീസ്സ്, മിസ്രയീം, അബിസിനിയാ എന്നീ സ്ഥലങ്ങളിലും മിഷ്യനറിമാർ പോയി പള്ളിക്കൂടങ്ങൾ സ്ഥാപിക്കയും പ്രസംഗിക്കയും വിശുദ്ധവേദം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു മററു വിധത്തിലും അവിടെയുള്ള പഴയ സഭകളെ ജീവിപ്പിപ്പാൻ ഉത്സാഹിച്ചു. ജൊവൎറ്റ് എന്ന പേർ മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ബാസലു സിമ്മനാരിയിൽ പഠിച്ചതിന്റെ ശേഷം സി. എം. എസിനോടു ചേൎന്നു (പിന്നീടു ബിഷോപ്പായി തീൎന്ന) ശമുവേൽ ഗോബാത്ത മുതലായ പല മിഷ്യനറിമാർ മേല്പറഞ്ഞ സ്ഥലങ്ങളിൽ വേല ചെയ്തു. അവിടെയും എല്ലാം പഴയ സഭകൾ നന്നാക്കുവാൻ ശ്രമിച്ചതല്ലാതെ പുതിയ സഭകൾ പണിയുവാൻ അവർ ശ്രമിച്ചില്ല. എങ്കിലും അവരുടെയും അനുഭവം മലയാളത്തെ സുറിയാനിക്കാരുടെ ഇടയിൽ ചെയ്ത വേലയുടെ അനുഭവം തന്നെയായിരുന്നു. അബിസിനിയാ സഭയിൽ പാത്രിയൎക്കീസും മെത്രാന്മാരും പട്ടക്കാരും ഉണ്ടായിരുന്നു. അവരും നിഖ്യായിലെ വിശ്വാസപ്രമാണം ചൊല്ലിവന്നു. എങ്കിലും വേദപുസ്തക അറിവു വളരെ ചുരുങ്ങിയിരുന്നു. ജനങ്ങൾ മദ്യപാ ദുൎമ്മാൎഗ്ഗികളും ആയിരുന്നു. മഹമ്മദുകാരിൽനിന്നു വലിയ വ്യത്യാസം ഒന്നും അവൎക്കില്ലായിരുന്നു. മഹമ്മദുകാരെപ്പോലെ പല ഭാൎയ്യമാരെ സ്വീകരിക്ക അവൎക്കു പതിവായിരുന്നു. അവിടത്തെ രാജാവു ക്രിസ്ത്യാനി എന്നു വിളിക്കപ്പെട്ടു വന്നു എങ്കിലും തനിക്കു അഞ്ഞൂറു ഭാൎയ്യമാരു ഉണ്ടായിരുന്നു എന്നു കേൾക്കുമ്പോൾ അവിടത്തെ ക്രിസ്ത്യാനിമാൎഗ്ഗത്തിന്റെ സ്ഥിതി ഒരു വിധം മനസ്സിലാകാവുന്നതാകുന്നു.

ഒരു വീണുപോയ സഭയെ നന്നാക്കുവാനുള്ള വഴി ആ സഭയിൽ വേല ചെയ്യുന്നതല്ലെന്നും പുറമെ നിന്നുകൊണ്ടു അജ്ഞാനികളുടെയും മഹമ്മദുകാരുടെയും ഇടയിൽ വേല ചെയ്കയും മറെറ സഭക്കു ദൃഷ്ടാന്തം കാണിച്ചു കൊടുക്കയും ആകുന്നതെന്നുള്ള പാഠം കിഴക്കിനടുത്ത പല സഭകളുമായുള്ള പെരുമാററം കൊണ്ടു സമൂഹം പഠിച്ചു.

എന്നാൽ സമൂഹത്തിന്റെ ഈ വിധത്തിലുള്ള വേലയെക്കുറിച്ചു അടുത്ത കാലത്തു: ലോർഡ് എന്ന പാതിരിസായ്പു കുററപ്പെടുത്തി എഴുതിയതുപോലെ മുമ്പും പലരും എഴുതുകയും സംസാരിക്കയും ചെയ്തിട്ടുള്ളതിനെക്കുറിച്ചും അം

ഗ്ലീയാ ബിഷോപ്പന്മാരും മററും ഈ സംഗതിയിൽ പ്രവേശിച്ചു തീർക്കിയതിന്റെ ശേഷം അവരുടെ അഭിപ്രായം എങ്ങനെ ആയിരുന്നു എന്നുള്ളതിനെക്കുറിച്ചും മററും ഇനിയൊരവസരത്തിൽ പറയുന്നതാകുന്നു.

.......................................

## “ഇടവകപ്പത്രികാ” പത്രാധിപരവർകൾക്കു.

മലയാളമിത്രം എട്ടാം ലക്കത്തിൽ “ചർച്ചുമിഷ്യനറി സമൂഹവും കിഴക്കിനുള്ളത്ത സഭകളും” എന്നു പേരായ ഒരു ഉപന്യാസം കണ്ടു വായിച്ചു. ചർച്ചുമിഷ്യനറി സമൂഹം ഇവിടെ വേല ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശങ്ങൾ മ. മി. പ. പറയുന്നതു പോലെ തന്നെ ആയിരുന്നുവെന്നതിനു ആരും തക്കം പറയുമെന്നു തോന്നുന്നില്ല. അതിനു മ. മി. പ. എടുത്തു പറയുന്നതായ പഴയ എഴുത്തുകൾ തന്നെ സാക്ഷി. ചർച്ചുമിഷ്യനറി സമൂഹം ഇവിടെ വേല ആരംഭിച്ചതു 1816-ൽ ആയിരുന്നു. ഈ എഴുത്തുകൾ ഞാനും വായിച്ചിട്ടുണ്ടു. 1815, 1816, 1821, 1822, 1823, ഈയാണ്ടുകളിലെ ചർച്ചുമിഷ്യൻ റിപ്പോർട്ടിൽ പരസ്യം ചെയ്തുവെന്നാണു എന്റെ ഓർമ്മ. ഏതായാലും 1825നു മുമ്പു തന്നെയാണെന്നു ഇനിക്കു നല്ല നിശ്ചയമുണ്ടു. ചർച്ചുമിഷ്യനറി സമൂഹക്കാരും സുറിയാനിക്കാരും തമ്മിൽ പിരിഞ്ഞതു 1837, 1840 വരെയുള്ള ആണ്ടുകളുടെ ഇടയിലാകുന്നു. പതിനഞ്ചോ ഇരുപതോ വർഷങ്ങൾക്കുമുമ്പു നല്ല ഉദ്ദേശത്തോടെ ആരംഭിച്ച വേല പിന്നീടു ദുരുദ്ദേശത്താലൊ തുടങ്ങിയ ആളുകൾ മരണം കൊണ്ടോ മറേറാ വേല വിട്ടു ആദ്യ ഉദ്ദേശങ്ങൾ അറിയാത്തവരൊ മറന്നവരൊ ആയവരെ ഏൽപ്പിക്കേണ്ടി വന്നതിനാലൊ മുൻവിചാരിച്ചിരുന്നതിനൊക്കെ എതിരായിട്ടു പരിണമിപ്പാൻ പാടില്ലായ്കയില്ലല്ലൊ എന്നു മ. മി. പ. യും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. മ. മി. പ. പകർത്തി എഴുതിയിരിക്കുന്ന എഴുത്തുകളിൽ നിന്നു തന്നെ ചർച്ചുമിഷ്യൻ സമൂഹത്തിന്റെ വേലയുടെ തുടസ്സത്തിൽ ഉണ്ടായിരുന്ന ആന്തരങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഇതുപ്രകാരം പിന്നീടു നടന്നൊ എന്നാണു ചോദ്യം. “പ്രധാന സംഗതികളിലെല്ലാം ആദ്യ സഭ (Primitive church)യുടെ വിശ്വാസത്തോടെ സുറിയാനിസഭ യോജിച്ചിരിക്കുന്നു” എന്നു അന്നു (ഉദ്ദേശം 1820) സമ്മതിച്ചു. ആദ്യ സഭയുടെ മാതൃകയിൽ ചമക്കപ്പെട്ടു എന്നു തങ്ങൾ തന്നെ പറഞ്ഞു വരുന്ന ചർച്ചുമിഷ്യനറിസംഘക്കാരുടെ മതവും സുറിയാനിസഭയും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടെന്നു വന്നാൽ അതു “അപ്രധാന” സംഗതികളിൽ ആയിരിക്കണമെന്നു ഇതിൽ നിന്നു വെളിവാകണം. ആദ്യസഭയുടെ നടപടികൾ സുറിയാനിക്കാൎക്കും അംഗ്ലെയാ സഭക്കാൎക്കും കണ്ടറിവില്ലല്ലൊ. ചരിത്രം വഴിയായും പാരമ്പര്യം വഴിയായും കേട്ടറിവു മാത്രമല്ലൊ ഉള്ളു. അംഗ്ലെയാ സഭ ചരിത്ര വായനകൊണ്ടും വേദപാരായണം കൊണ്ടും ആദ്യസഭയുടെ നടപടി വിശ്വാസങ്ങൾ ആരാഞ്ഞറിഞ്ഞു ആ മാതൃകയിൽ സ്വന്ത സഭ പരിഷ്കരിച്ചു വെച്ചു. സുറിയാനിസഭ പല ആപത്തുകളുടെ ഇടയിൽ കൂടെ ആദ്യസഭയുടെ മാതൃക പാരമ്പര്യമായി സൂക്ഷിച്ചു പോന്നു. ഇവ തമ്മിൽ വ്യത്യാസം ഉണ്ടെന്നു കണ്ടാൽ അംഗ്ലെയാ സഭക്കു കാലദൈർഘ്യം കൊണ്ടു പുരാതനസഭയുടെ നടപടി വിശ്വാസങ്ങൾ നിശ്ചയമില്ലാതെ വന്നതൊ സുറിയാനിസഭ കാലപ്പഴക്കം കൊണ്ടു മുൻമാതൃകയിൽ നിന്നു മാറിപ്പോയതൊ രണ്ടും വരാവുന്നതാണല്ലൊ.

ഏതായാലും ഇപ്പോഴുള്ള ഈ സഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ “അപ്രധാനങ്ങളാണെന്നു” ചർച്ചുമിഷ്യനറി സമൂഹത്തിന്റെ 1820ലെ കമ്മട്ടിക്കാർ സമ്മതിച്ച (ഇപ്പോഴുള്ളവർ സമ്മതിക്കുമൊ എന്നു സംശയമുണ്ടു.) അപ്രധാന (

തികളിൽ ഐകരൂപ്യം വേണമെന്ന അന്നത്തെ കമ്മട്ടിക്കാൎക്ക ആഗ്രഹമില്ലാഞ്ഞു. അവരുടെ എഴുത്തിൽ നിന്ന ഇതു വെളിവാകുന്നു. "പഴയ സഭ പൊളിച്ചു കളഞ്ഞിട്ടു വേറൊന്നു പണി ചെയ്‌വാനല്ല, ചപ്പും കുപ്പയും നീക്കിക്കളഞ്ഞു ഇടിവുകളെ നന്നാക്കുവാനത്രെ. സുറിയാനിക്കാരെ അവരുടെ പൂൎവ്വീക ആരാധനയിലേക്കു കൊണ്ടുവരികയല്ലാതെ അവർ ഇംഗ്ലീഷുസഭയുടെ പള്ളിക്രമവും നടപടിയും കൈക്കൊള്ളുവാൻ സമ്മതിക്കരുതു. വല്ല കാരണവശാലും അവൎക്ക അങ്ങനെ അഗ്രഹം ജനിച്ചാൽ അവരെ അങ്ങനെ ചെയ്യാൻ സമ്മതിക്കാതെയിരിക്കയത്രെ വേണ്ടതു. അതിനാൽ അവർ പിരിച്ചിലില്ലാത്ത ഒരു സഭയായി സൂക്ഷിക്കപ്പെടുകയും അവരെക്കൊണ്ടു അധികം ഉപകാരമുണ്ടാകയും ചെയ്യുമെന്നു മാത്രമല്ല പിന്നീടു ഉണ്ടായേക്കാവുന്ന അസൂയകൾ വിരോധങ്ങൾ എന്നിവ ഒഴിക്കാവുന്നതുമാകുന്നു" മ. മി. പ.യുടെ തൎജ്ജിമ തന്നെയാണെ ചേൎത്തിരിക്കുന്നതു. എന്നാൽ ഇംഗ്ലീഷു വാചകത്തിലുള്ള 'Individuality' എന്ന വാക്കിന്റെ അൎത്ഥം അദ്ദേഹം അറിഞ്ഞോ അറിയാതെയൊ ശരിയായി വരുത്തിയിട്ടില്ല. ഒരു സഭയായി സൂക്ഷിക്കപ്പെടണമെന്നല്ല ഇതിന്റെ അൎത്ഥം. മറ്റു സഭകളിൽ നിന്ന വ്യത്യസ്തപ്പെട്ട സഭയായിട്ടു സൂക്ഷിക്കപ്പെടണമെന്നാണെ. എന്നു വെച്ചാൽ സുറിയാനിസഭയും ആംഗ്ലേയാ മുതലായ ഇതരസഭകളും തമ്മിലുള്ള വ്യത്യാസങ്ങളെ ഇല്ലായ്മ ചെയ്യണമെന്നു അന്നത്തെ കമ്മട്ടിക്കാൎക്ക അപേക്ഷയില്ലായിരുന്നു. പിന്നെയൊ അങ്ങനെയുള്ള വ്യത്യാസങ്ങൾ ഈ സഭയുടെ പുരാതനത്വത്തിന്റെ ലക്ഷ്യങ്ങളാകകൊണ്ടു അവയെ പുല[illegible] മാത്രമെ ഉണ്ടായിരുന്നുള്ളു.

"ഐക്യമില്ലാത്ത യോജ്യത പാടുണ്ടായിരുന്നുവൊ എന്നു ചോദിച്ചേക്കാം. യോജ്യത യോജ്യത (Union) എന്ന ബുക്കാനാൻ സായ്പും കമ്മട്ടിക്കാരും പറകയും വലിയ മാർ ദിവന്നാസിയോസു മെത്രാപ്പോലീത്താ അനുസരിക്കയും ചെയ്തു എന്നു നാം കാണുന്നുവല്ലൊ. ഇതിനെപ്പറ്റി മനസ്സിലാകണമെങ്കിൽ ആംഗ്ലേയാസഭയുടെ അവസ്ഥ ആലോചിച്ചാൽ എളുപ്പമുണ്ടു. ആംഗ്ലേയാസഭ ഒരു വലിയ സഭയാണല്ലൊ. ഏറെക്കുറെ വ്യത്യാസങ്ങളുള്ള പല പല ശാഖകൾ അതിൽ ഉൾപ്പെട്ടിട്ടുണ്ടു. വലിയ ഹൈച്ചൎച്ചുകാരും ഇവാഞ്ചെലിക്കൽ ലോച്ചൎച്ചുകാരും തമ്മിൽ എത്ര വ്യത്യാസമുണ്ടു. മരിച്ചവൎക്കവേണ്ടി പ്രാൎത്ഥിക്കുന്നതു വേണ്ടപ്പെട്ടതെന്നു പറയുന്നവരുമുണ്ടു. അങ്ങനെ പ്രാൎത്ഥിച്ചാൽ ഈയക്കട്ടി വെള്ളത്തിൽ താഴുന്നതുപോലെ നരകത്തിൽ പോകുമെന്നു പറയുന്നവരുമുണ്ടു. നിത്യശിക്ഷ ഉണ്ടെന്നു ചിലരുടെ മതം. ഇല്ലെന്നു വേറെ ചിലരുടെ മതം. പുണ്യവാളന്മാരോടു സഹവാസവും പ്രാൎത്ഥനയും കഴിയുന്നതാണെന്നും കൃപാവഴികളിലൊന്നാണെന്നും ചിലർ. മരിച്ച ശുദ്ധിമാന്മാർ ചത്തുപോയി എന്നും അവരോടു പ്രാൎത്ഥിച്ചാൽ അവർ കേൾക്കയില്ലെന്നും കേട്ടാലും അതുകൊണ്ടു ഗുണമില്ലെന്നും മറ്റുചിലർ. ഇങ്ങിനെ നോക്കിയാൽ ആംഗ്ലേയാസഭയും സുറിയാനിസഭയും തമ്മിലുള്ള വ്യത്യാസങ്ങളെക്കാൾ വലിയ വ്യത്യാസങ്ങൾ ആംഗ്ലേയാസഭയിൽ തന്നെയുള്ള ഒരററത്തുകാരും മറെറയററത്തുകാരും തമ്മിലുണ്ടു. എന്നിട്ടും ഇവരെല്ലാം ഒരു സഭയായിട്ടു പോകുമെന്നു വരികിൽ സുറിയാനിക്കാരുടെയിടയിൽ ലൗകിക അറിവും വൈദീക അറിവും വരുത്തുകയും, തന്മൂലം പുറവുമുള്ള പുറജാതികളുടെയിടയിൽ സുവിശേഷപ്രാഗത്ഭ്യം വരുത്തുകയും എന്ന ഏകസംഗതിയി "അപ്രധാനമായ" വ്യത്യാസങ്ങൾ ഉണ്ടെങ്കിലും "പ്രധാനപ്പെട്ട എല്ലാ സംഗതികളിലും" യോജിപ്പുള്ള രണ്ടു സഭകൾ ഒരുമയായി പോവാൻ പാടില്ലാത്ത ല്ലായിരുന്നു.

എന്നാൽ 1820 ൽ ഉണ്ടായിരുന്ന ഭാവമെല്ലാം 1840 ആയപ്പോഴേക്ക ചൎച്ച് മിഷനറി സംഘത്തിന്റെ സ്ഥലപ്രതിനിധികളുടെ ഇടയിൽ മാറിപ്പോയി. "പ്രധാന" വ്യത്യാസങ്ങളിൽ സുറിയാനി സഭ ശാഠ്യം പിടിക്കുന്നുവെന്നു ഇവ

ക്ഷതോന്നുകയും തങ്ങൾ പതിനഞ്ചു ഇരുപതു കൊല്ലത്തോളം വേല ചെയ്തതിന്റെ ഫലം ഇതാണോ എന്നോർത്തു ആപാകുകയും ചെയ്തു. 1835 ൽ വിൽസൻ ബിഷോപ്പിന്റെ പ്രസംഗവും ആയിടയിൽ ഇവിടത്തെ മിഷ്യനറിമാർ എഴുതിയ റിപ്പോർട്ടുകളും വായിച്ചാൽ ഇതു തെളിവായിട്ടു കാണാം. നാല്പതാമാണ്ടിടക്കു നടന്നതായ ഒരു ചെറിയ സംഗതിയും ഉദാഹരണമായിട്ടു പറയാം. സ്വല്പസംഗതിയെങ്കിലും ചകരിത്തുരുമ്പു പറക്കുന്നതുകൊണ്ടു കാററിന്റെ ഗതി അറിയാമല്ലൊ.

അന്നത്തെ ഒന്നുരണ്ടു മിഷ്യനറിമാർ അത്യന്തതീക്ഷ്ണതയായിട്ടു വിചാരിച്ചുപോന്ന ഒരു സംഗതി എന്തെന്നു വച്ചാൽ ശുദ്ധമാകപ്പെട്ട കന്യകാമറിയ തമ്പുരാനെപ്പെററതിൽ പിന്നീടു എട്ടോ പത്തോ പെററിരുന്നായിരുന്നു. സുറിയാനിക്കാർക്കു ഈ വിശ്വാസം വലിയ വെറുപ്പാകുന്നു. മററു പുരാതന സഭകളിലേപ്പോലെ ഈ പുണ്യവതി എന്നും കന്യകയായിരുന്നുവെന്നു അവർ വിചാരിച്ചുപോരുന്നു. പത്തൊൻപതാം നൂററാണ്ടിലെ പഠിത്വം എല്ലാം കഴിച്ചുംവെച്ചു കേംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് എന്ന വ്യാഖ്യാനപുസ്തകത്തിൽ ശു: യോഹന്നാന്റെ സുവിശേഷം ൨ാം അ: ൧൨ാം വാക്യം വ്യാഖ്യാനിക്കുമ്പോൾ പറയുന്നതു എന്തെന്നു വെച്ചാൽ എല്ലാ തെളിവുകളും നോക്കിയിട്ടും കർത്താവിന്റെ സഹോദരർ എന്നു വേദത്തിൽ പറയുന്നവർ കർത്താവിന്റെ ഉദരഭ്രാതാക്കളായിരുന്നു എന്നു വിചാരിപ്പാനൊ സഭ പുരാതനമായി വിശ്വസിച്ചുവരുന്നപ്രകാരം ശു: മറിയം എന്നും എന്നും കന്യകയായിരുന്നു എന്നുള്ള വിശ്വാസം അടിസ്ഥാനമില്ലാത്തതെന്നു പറവാനോ ന്യായം കാണുന്നില്ല. ഇങ്ങിനെയിരിക്കുന്നു ഇതിനെപ്പററി ഇതുവരെയുള്ള അറിവു. എന്നാൽ 1840-ാമാണ്ടിടക്കുണ്ടായിരുന്ന മിഷ്യനറിമാരിലൊരുവൻ പഴയ സെമ്മിനാരിയിൽ ഞായറാഴ്ച ഞായറാഴ്ച പ്രസംഗിക്ക പതിവുണ്ടായിരുന്നു. ഒരു ദിവസത്തെ പ്രസംഗത്തിൽ തനിക്കു തൃപ്തികരമെന്നു തോന്നിയ അനേകയുക്തികൾ കൊണ്ടു കന്യാസ്ത്രീയമ്മ പിന്നെപ്പെററു എന്നു തെളിയിപ്പാൻ തുനിഞ്ഞു. ഈ പ്രസംഗം കേൾവിക്കാരായ ശെമ്മാശന്മാർക്കും മററു വിദ്യാർത്ഥികൾക്കും ദുസ്സഹമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. സായ്‌വു നിറുത്തി വള്ളം കേറി തിരികെ മംഗ്ളാവിലേക്കു പോകുമ്പോൾ എന്തൊ സംശയം തോന്നി തിരികെ അടുത്തു ഒളിച്ചുചെന്നു പ്രസംഗമുറിയിൽ നോക്കിയപ്പോൾ അന്നത്തെ മല്പാനച്ചൻ സായ്പിന്റെ യുക്തികളെ ഖണ്ഡിച്ചു എതിരായി ഒരു പ്രസംഗം ചെയ്യുകയായിരുന്നു. കേൾവിക്കാർ അത്യന്തവാഞ്ഛയോടെ പ്രസംഗം കേൾക്കുന്നതു കുറെ നേരം കണ്ടപ്പോൾ കോപം സഹിക്കാതെ സായ്പകത്തു ചെന്നു 'കൊള്ളാം ഒന്നുകിൽ മല്പാനിവിടെ അല്ലെങ്കിൽ ഞാനിവിടെ' എന്നു പറഞ്ഞു അന്നുതന്നെ മല്പാനെ വള്ളം കേററി വടക്കോട്ടയച്ചു എന്നു കേട്ടിട്ടുണ്ടു.

1820 ൽ കമ്മട്ടിക്കാർ പറഞ്ഞ ഉദ്ദേശങ്ങളും ഈ നടത്തയും തമ്മിൽ എത്ര വ്യത്യാസമുണ്ടെന്നു വായനക്കാർ തന്നെ വിധിപ്പിൻ. തങ്ങളുടെ നടപടി വിശ്വാസങ്ങളിൽ നിന്നു സുറിയാനിസഭ വ്യത്യസ്തപ്പെട്ടിരുന്ന നിസ്സാരസംഗതികളിൽ കൂടെ മിഷ്യനറിമാർ സഹിക്കാവതല്ലാത്ത ഈർഷ്യ തോന്നുകയും പ്രകടിപ്പിക്കയും ചെയ്തു. ഇങ്ങിനത്തെ വ്യത്യാസങ്ങളിൽ ഐകരൂപ്യം വരുത്തുവാനായിട്ടു അവർ ചെയ്ത പ്രയത്നങ്ങൾ നിഷ്ഫലമെന്നു വന്നപ്പോൾ ആണ് ഐക്യഭംഗവും 1820 ലെ കമ്മട്ടിക്കാർ മുൻകണ്ടു ഭയന്നതായ 'അസൂയകൾ വിരോധങ്ങൾ' എന്നിവയും ഉളവായതു.

തങ്ങളിൽ നിന്നു വ്യത്യാസപ്പെട്ട നടപടി വിശ്വാസങ്ങളെ പൊറുക്കുന്ന ഗുണം മനുഷ്യരിൽ കാണുന്നതു എത്ര അപൂർവ്വമാണു. അഗാധജ്ഞാനവും സഹജീവസ്നേഹവും ഉള്ളവരിലെ ഇതു വിളങ്ങു. അപ്പോസ്തലകാലങ്ങളിൽ ഗമാലിയേൽ ഒന്നേ ഉണ്ടായിരുന്നുള്ളു. ഗമാലിയേലിന്റെ ശിഷ്യനു ദിവ്യവെളിപാടുണ്ടായതിൽ പിന്നെയേ ഈ ഗുണം സിദ്ധിച്ചുള്ളു. ശ്ലീഹന്മാരിൽ മുഖ്യനായ പത്രോ

നം ദിവ്യഅരുളപ്പാടുണ്ടായതിൽ പിന്നെ മാത്രമെ പുറജാതികൾ ദൈവരാജ്യത്തെ പങ്കിടും എന്ന ഗുരുവാക്യത്തിന്റെ രഹസ്യം മനസ്സിലായുള്ളു. പാശ്ചാത്യക്രൈസ്തവത്തിന്റെ പതിനെട്ടാം നൂററാണ്ടുകളിലെ ചരിത്രം വായിച്ചാൽ ഈ ഗുണം എത്ര ദുർല്ലഭമായിട്ടു മാത്രം ക്രിസ്ത്യാനികളുടെ ഇടയിൽ വിളങ്ങിയുള്ളു എന്നു നമുക്കറിയാം. ദിവ്യനടത്തിപ്പിനാൽ പാശ്ചാത്യർ ഇന്ത്യാമഹാരാജ്യത്തിൽ വന്നു ഇവിടത്തെ മഹാമതസിദ്ധാന്തങ്ങളെ കണ്ടറിഞ്ഞതിൽ പിന്നെയല്ലയൊ ഈ ഗുണം പാശ്ചാത്യരിൽ അംകുരിച്ചതു. ഒരു മാലയിലെ മുത്തുകളുടെ ഇടയിൽ ഒരേ നൂൽ ഓടുന്നതുപോലെ അനേക മതങ്ങളുടെ ഇടയിൽ ഈശ്വരൻ വ്യാപരിക്കുന്നു എന്ന സത്യം ഇന്ത്യയിലെ ഗ്രന്ഥങ്ങളിലല്ലാണ്ടു പാശ്ചാത്യഗ്രന്ഥങ്ങളിൽ കാണുകയില്ല.

തിരുവിതാംകൂറിലും കൊച്ചിയിലും കോഴിക്കോട്ടും നാട്ടുപ്രഭുക്കന്മാർ യൂദരെയും സുറിയാനിക്കാരെയും തുലുക്കരെയും അഭയംകൊടുത്തു പാർപ്പിച്ചിരുന്ന നാളുകളിൽ പാശ്ചാത്യദേശങ്ങളിൽ പുറജാതിക്കാർ ക്രിസ്ത്യാനികളെയും പിന്നീടു ക്രിസ്ത്യാനികൾ പുറജാതിക്കാരെയും യൂദന്മാരെയും പിന്നെ തുലുക്കർ ക്രിസ്ത്യാനികളെയും, മറിച്ചും പിന്നെ റോമ്മാക്കാർ പ്രൊട്ടസ്റ്റണ്ടുകാരെയും, പ്രൊട്ടസ്റ്റണ്ടുകാർ റോമ്മാക്കാരെയും എത്ര ഹിംസിച്ചു എന്നു നാം വായിച്ചറിഞ്ഞിട്ടുണ്ടല്ലൊ. ൧൬ാം നൂററാണ്ടുതൊട്ടിങ്ങോട്ടു സുറിയാനിബാവാന്മാരെ എത്രപേരെ പറങ്കികൾ ഉപദ്രവിച്ചു എന്നും നാം കേട്ടിട്ടുണ്ടല്ലൊ. 1858-ൽ ഇന്ത്യാരാജ്യം മതവ്യത്യാസം കൂടാതെ ഭരിച്ചുപോരാമെന്നു വാഗ്ദത്തം ചെയ്തു, രാജ്ഞി വിളംബരം അടിച്ചതു മുൻകാലങ്ങളിൽ എങ്ങും നടക്കാവുന്നതു എന്നു വിചാരിപ്പാൻപോലും പാടില്ലാത്ത ഒരു സംഗതി ആയിരുന്നു.

അന്യമതാഭിപ്രായസഹനം എന്ന മഹത്തേറിയ ഈ ഗുണത്തിനു ലോകത്തിൽ പ്രചാരം ഉണ്ടായിട്ടു വളരെക്കാലമായില്ലല്ലൊ. ബുക്കാനാൻ സായ്പിനും, മണ്ട്റോസായ്പിനും, ആദ്യകമ്മട്ടിക്കാർക്കും ഉണ്ടായിരുന്നപോലെ തന്നെ പിന്നീടു പിന്നീടു വന്ന മിഷ്യനരിമാരിൽ ഈ ഗുണം വിളങ്ങിക്കണ്ടില്ല. ഇരുപതു വർഷം വേലചെയ്തപ്പോഴേക്ക "അഗ്രഹിച്ച ഫലം കണ്ടില്ല" എന്നു ആശാഭംഗവും 'തങ്ങൾ വിചാരിച്ചതിൽ അധികം ആഴത്തിൽ സഭ മുഴുകികിടക്കുകയായിരുന്നു' എന്നും 'ഈ സ്ഥിതിയിൽ നിന്നു മാറിവരുന്നതു എളുപ്പമല്ല' എന്നും പറഞ്ഞുംകൊണ്ടു എളുപ്പമുള്ള വഴിയിലേക്ക തിരിഞ്ഞുപോയി. ഇന്ത്യായിൽ മററു പ്രദേശങ്ങളിൽ ഉയർന്ന ജാതിക്കാരുടെ ഇടയിൽ ചെയ്ത വേല "എളുപ്പ"മായിട്ടല്ലല്ലൊ കണ്ടതു. തങ്ങളേക്കാൾ പഴക്കമുള്ള ഒരു സഭയെ നടപടി രീതികളിൽ കൂടെ തങ്ങളെപ്പോലെ ആക്കിത്തീർക്കണം എന്നു വിചാരിച്ചതു "എളുപ്പ"മായിട്ടു കാണാഞ്ഞതിലും അതിശയിപ്പാനില്ല. ആദ്യകമ്മട്ടിക്കാരും ബുക്കാനാൻസായ്പും സുറിയാനിക്കാരുടെ മഹത്വഗുണങ്ങളെ മാത്രം കണ്ടു എന്നിരിക്കാം. മിഷ്യനരിമാർ കുറെക്കൂടെ അടുത്തറിഞ്ഞപ്പോൾ ദോഷഭാഗം മാത്രം കണ്ടു. അങ്ങിനെ വരാവുന്നതാണല്ലൊ. ദൂരത്തിൽ ഗജരൂപം ഗംഭീരം ദന്തവും ധവളം. അടുത്തുനോക്കുമ്പോൾ ആനയുടെ ചർമ്മത്തിന്റെ ഞെറികളും വിരൂപരോമങ്ങളും കൊമ്പിന്റെ പൂഠമെയുള്ള കേടുകളും കാണും. അടുത്തു ആരാഞ്ഞു പരിശോധിക്കുന്നവർ മാത്രമെ തുമ്പിക്കയ്യുടെ അത്ഭുതപ്രദമായ സാമർത്ഥ്യവും ആനയുടെ ബുദ്ധിവിശേഷതയും ദന്തത്തിന്റെ ഉള്ളിലെ കളങ്കമില്ലായ്മയും മനസ്സിലാക്കുകയുള്ളു.

'പഠിത്വവും വിവേകവും തീക്ഷ്ണതയുമുള്ള കുറെ പട്ടക്കാരെ' അയയ്ക്കണമെന്നായിരുന്നു ആദ്യകമ്മട്ടിക്കാർ നിശ്ചയിച്ചതു. ഒടുക്കം ഒടുക്കം അയച്ചവർക്കു പഠിത്വം വിവേകവും കുറഞ്ഞും സ്വല്പ സംഗതികളിൽ തീക്ഷ്ണത കുറെ അധികപ്പെട്ടും ആണ കണ്ടതു. ഇതിനു ഞാൻ മുൻപു ഒരുദാഹരണം പറഞ്ഞല്ലൊ. ഇവിടെ വേലചെയ്ത മിഷ്യനരിമാരുടെ പാണ്ഡിത്യശക്തിയറിയേണമെങ്കിൽ ഒരു സം

ഗതി കൂടെ ആലോചിക്കാം. സുറിയാനിക്കാരുടെ ചരിത്രം സംബന്ധമായ സംഗതികൾ അറിവാനും പഠിപ്പാനും എഴുതുവാനും അന്യദേശങ്ങളിലുള്ള എത്ര മഹാന്മാർ എത്രയൊ പ്രയാസങ്ങൾ കഴിച്ചു. പോൎത്തുഗാലിൽ നിന്നും ഫ്രാൻസിൽ നിന്നും ഇംഗ്ലണ്ടിൽ നിന്നും സ്കോട്ട്ലാണ്ടിൽ നിന്നും ഇവിടെ വരികയും എത്രയൊ വൎഷങ്ങൾ അതിലേക്കായി വ്യയം ചെയ്യുകയും ചെയ്തിട്ടുണ്ടു. ഇവിടെ വന്ന മിഷ്യനരിമാരിലൊ കോലിൻസ്സായ്പു ഒരു ചെറുപുസ്തകം എഴുതിയതല്ലാതെ വേറെ ആരും തന്നെ ഈ സംഗതിയിൽ ശ്രദ്ധകൊടുത്തിട്ടുണ്ടെന്നു കേട്ടിട്ടില്ല. ഇപ്പോഴുള്ളവരിൽ ആൎക്കും തന്നെ സുറിയാനിക്കാരുടെ ചരിത്രത്തെപ്പറ്റി വലിയ അറിവുണ്ടെന്നും കേട്ടിട്ടില്ല. സുറിയാനിക്കാരുടെ പഴയ ചരിത്രം കിടക്കട്ടെ. ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ തങ്ങളുടെ സ്വന്ത മിഷ്യനിൽ നടന്ന സംഗതികൾ എത്രപേൎക്കു നിശ്ചയമുണ്ടെന്നുള്ള സംഗതി മ. മി. പ—ൎക്കു തന്നെ ബോദ്ധ്യമുള്ളതല്ലയൊ? ചൎച്ചുമിഷ്യന്റെ ശതവൎഷോത്സവസമയത്തു 1816 മുതൽ 1840 വരെയുള്ള ചരിത്രത്തെപ്പറ്റി ഇനിക്കറിവുള്ളിടത്തോളം സംഗതികൾ ഒരു മിഷ്യനരിയുടെ മുമ്പിൽ വെച്ചു പറവാൻ സംഗതിവന്നപ്പോൾ ഇതെല്ലാം അദ്ദേഹത്തിനു ഒരു പരദേശവൃത്താന്തം പോലെ തോന്നിപ്പോയി.

കിഴക്കിന്നടുത്ത ഈ സഭയിൽ ച. മി. സമൂഹം ചെയ്ത വേല വല്ലാതെ കലാശിച്ചതിന്റെ കാരണം ഇവിടെ വന്ന മിഷ്യനരിമാരിൽ "പഠിത്വവും വിവേകവും" കുറവായും അനാവശ്യത്തിൽ തീക്ഷ്ണത കൂടിയും പൊയതുകൊണ്ടാണെന്നു ഈ സംഗതികൾ എല്ലാം ചിന്തിക്കുന്നവൎക്കു വിശദമായി ബോധിക്കുമെന്നു ഇനിക്കു തോന്നുന്നു. അതല്ലാതെ മ. മി. പ സൂചിപ്പിക്കുന്നപ്രകാരം സുറിയാനിസഭയുടെ പൂൎവ്വചരിത്രത്തിന്റെയൊ ഉപദേശരീതിയുടെയൊ നസ്രാണികളുടെ ശീലപ്രകൃതിയുടെയൊ തെറ്റുകൊണ്ടല്ലായിരുന്നു. 1820 മുതൽ 1835 വരെയുള്ള പതിനഞ്ചുകൊല്ലങ്ങൾക്കിടയിൽ സുറിയാനിക്കാരുടെ ഇടയിൽ പഠിത്വത്തിലും ഭക്തിവിഷയത്തിലും എത്ര വ്യത്യാസം വന്നുപോയി. 40 കത്തനാരും 700 അയ്മേനികളും കൂടി വന്ന യോഗത്തിൽ ഫെൻസായ്പു പറഞ്ഞുകൊടുത്ത മൂന്നു ഗുണദോഷങ്ങളിൽ പട്ടക്കാർ വിവാഹം ചെയ്യണമെന്നും ജനങ്ങൾ അറിയുന്ന ഭാഷയിൽ പരസ്യാരാധന കഴിക്കേണ്ടതു ആവശ്യമാണെന്നും പറഞ്ഞതു രണ്ടും കുറെ നാളുകൾ കൊണ്ടു സൎവ്വസാധാരണങ്ങൾ ആയില്ലയൊ. തക്സാ തിരുത്തണമെന്നു പറഞ്ഞതിനനുരൂപമായിട്ടു ആരോ ഒരു തരക്കുറുബാന എഴുതിയെങ്കിലും തിരുത്തിയ തക്സാ ഏറെ ആരും സ്വീകരിച്ചതില്ല. തക്സായും നമസ്കാരങ്ങളും എഴുതിയതു മഹാ ദിവ്യന്മാരും ഭക്തരും ആയിരുന്ന ശ്രേഷ്ഠന്മാർ ആയിരുന്നു. അതിനെ തിരുത്തുന്നതിനു മെത്രാപ്പോലീത്തായും ആറു കത്തനാരും കൂടി നോക്കിയാൽ "എളുപ്പ"മല്ലല്ലൊ. മാലാഖമാർ വിറയലോടെ പ്രവേശിക്കുന്ന ശുദ്ധസ്ഥലങ്ങളിലേക്കു വിഡ്ഢോഷന്മാർ എടുത്തുചാടുന്നതിനു മടിക്കയില്ല എന്നുള്ള ഇംഗ്ലീഷു പഴഞ്ചൊല്ലു മ. മി. പ. യും കേട്ടുകാണുമല്ലൊ. നവീകരണക്കാരുടെ ഇടയിൽ തക്സാ തിരുത്തുവാനായിട്ടു നടക്കുന്ന ആലോചനകളുടെ സ്ഥിതി അറിഞ്ഞിട്ടുള്ളവർ മുൻ തിരുത്തപ്പെട്ട തക്സാ സാധാരണ നടപ്പിലാകാഞ്ഞതു തന്നെ ശ്ലാഘനീയമായിപ്പോയി എന്നു സമ്മതിക്കും. ഇതിൽ എല്ലാം സുറിയാനിസഭയുടെ പൂൎവ്വചരിത്രത്തിലൊ "ഉപദേശരീതി"യിലൊ "നസ്രാണികളുടെ ശീലപ്രകൃതി"യിലൊ എന്തൊരു തെറ്റാണു മ. മി. പ കണ്ടതു.

മങ്ങിക്കത്തുന്ന തിരിയെ കെടുക്കാതെയും ചതഞ്ഞ വേഴത്തിനെ മുറിക്കാതെയും ഇരിക്കുന്ന മഹോന്നതനായ ദൈവം ഇന്ത്യായുടെ ഈ കോണിൽ തന്റെ ദിവ്യദീപ്തിയുടെ ഒരു പൊരി ഇന്നോളം കെട്ടുപോകാതെ കണ്ടു നിറികൊണ്ടിരിപ്പാൻ [illegible] ഈ സഭയെക്കൊണ്ടു തന്റെ ദിവ്യനാമത്തിനു ഇതുവരെ ഒരു പ്രയോജനം കണ്ടിട്ടില്ലെന്നു വിചാരിക്കാതിരിപ്പാൻ പാടില്ല. ഭ

ബലിയായി ഇവരെ അൎപ്പിപ്പാൻ ആദ്യം പോൎത്തുഗീസുകാരെയും പിന്നെ അംഗ്ലേയാസഭയേയും താൻ വിളിച്ചു എങ്കിലും വഴിപാടിനുള്ള അപ്പത്തിന്മേൽ തങ്ങളുടെ സ്വന്ത ഛായാമുദ്ര പതിക്കേണമെന്നു ഈ സഭക്കാർ ഇരുവരും കരുതിയതുകൊണ്ടു രണ്ടുകൂട്ടരും അന്യവഴികളിലേക്കു തിരിയേണ്ടിവന്നു. ദൈവഇഷ്ടമറിഞ്ഞു ദൈവാത്മാവിന്റെ വേലയിൽ കൂട്ടദാസന്മാരായിരിപ്പാൻ അഗ്രഹിക്കുന്നവർ ഇതിങ്കൽ പശ്ചാത്താപപ്പെടുന്നു. യെശ്ശുറന്മാർ എജിപ്തിലെ മേദസ്സുകൊണ്ടു കൊഴുക്കുന്നതിൽ മാതാവിനു സന്തോഷമേയുള്ളു. തൊഴിച്ചു തുടങ്ങുമ്പോൾ ഛപഠാ മാതാവിന്റെ ഉദരത്തിന്മേൽ പാദം ചെല്ലാതെയിരിപ്പാൻ മാത്രം സൂക്ഷിക്കട്ടെ.

ജെ. കുരിയൻ.